ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.07.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ മൗറീഷ്യസിൽ.

   External Affairs Minister S Jai Shankar reaches Mauritius for a two-day official visit.

2. ജമ്മു കശ്മീരിലെ ഡോഡ ജില്ലയിൽ ഭീകരവിരുദ്ധ ഓപ്പറേഷനിൽ 5 സൈനികർക്ക് വീരമൃത്യു. അനുശോചിച്ച് രാജ്യം.

   In Jammu and Kashmir, five security personnel lost their lives in an encounter with terrorists in Doda district. Nation's Condolences to the Martyrs.

3. പോലീസ് സ്റ്റേഷനുകളും പോലീസിന്റെ നിയന്ത്രണത്തിലുള്ള സ്ഥലങ്ങളും സാക്ഷി വിസ്താരത്തിനുള്ള ഇടമായി നിശ്ചയിക്കരുതെന്ന് സംസ്ഥാനങ്ങൾക്ക് കേന്ദ്ര നിർദ്ദേശം..

   The Centre directs States that police stations and the place under the control of the police department should not be designated as a place for examination of witnesses.

4. തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോടിൻറെ മാലിന്യപ്രശ്നം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ ചർച്ചചെയ്യാൻ അടിയന്തര യോഗം വിളിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ..

   CM Pinarayi Vijayan calls an emergency meeting to discuss the steps to be taken regarding the garbage problem of Amayizhanjan canal in Thiruvananthapuram.

5. കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു. 9 ജില്ലകളിൽ ഓറഞ്ച് ജാഗ്രത. വ്യാപക മഴക്കെടുതി. മത്സ്യബന്ധനത്തിന് വിലക്ക്.

   Heavy rains continueS in Kerala. Orange alert in 9 districts. Widespread damages in districts. Fishing ban in Kerala, Karnataka & Lakshadweep coasts.

## JAISHANKAR-MAURITIUS

രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ മൊറീഷ്യസിൽ എത്തി. മൗറീഷ്യസ് വിദേശകാര്യ മന്ത്രി മനീഷ് ഗോബിൻറെ നേതൃത്വത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു. മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് ജുഗ്നൗത്തിനെ ശ്രീ ജയശങ്കർ സന്ദർശിക്കും. മറ്റ് മുതിർന്ന മന്ത്രിമാരുമായും പ്രമുഖ നേതാക്കളുമായും അദ്ദേഹം ആശയ വിനിമയം നടത്തും. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തു ന്നതിനും, വിവിധ വശങ്ങൾ സമഗ്രമായി വിലയിരുത്തുന്നതിനും ഇരുപക്ഷ ത്തിനും ഈ സന്ദർശനം അവസരമൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

## REV. J&K-ENCOUNTER

ജമ്മു കശ്മീരിലെ ഡോഡ ജില്ലയിൽ ഇന്നലെ രാത്രി ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു സൈനിക ഉദ്യോഗസ്ഥൻ ഉൾപ്പെടെ നാല് സുരക്ഷാ ഉദ്യോഗസ്ഥർ കൊല്ലപ്പെട്ടു. ഭീകരരുടെ സാന്നിധ്യത്തെക്കുറിച്ചുള്ള പ്രത്യേക വിവരത്തെത്തുടർന്ന് ഇന്നലെ വൈകുന്നേരം ഡെസ്സ വനമേഖലയിലെ ധാരി ഗോട്ടെയിൽ ജമ്മുകശ്മീർ പോലീസിന്റെ സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പി ന്റെയും രാഷ്ട്രീയ റൈഫിൾസിന്റെയും സംയുക്ത തിരച്ചിലിനിടെ യായിരുന്നു ഏറ്റുമുട്ടൽ. ഏറ്റുമുട്ടലിനെത്തുടർന്ന് അഞ്ച് സൈനികർക്ക് ഗുരുതരമായി പരിക്കേറ്റിരുന്നു. ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ ധീര ജവാന്മാർക്ക് ആദരാഞ്ജലി അർപ്പിച്ചു. മേഖലയിൽ സൈനിക നടപടികൾ തുടരുന്നതായാണ് ഒടുവിൽ ലഭിച്ച റിപ്പോർട്ട്.

## RAJNATH - TERRORIST ATTACK

ജമ്മു കശ്മീരിലെ ഡോഡ ജില്ലയിൽ ഭീകരവിരുദ്ധ ഓപ്പറേഷനിൽ ധീരരായ ഇന്ത്യൻ സൈനികരെ നഷ്ടപ്പെട്ടതിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ദുഃഖം രേഖപ്പെടുത്തി. കർത്തവ്യ നിർവഹണത്തിനിടെ ജീവൻ ബലിയർപ്പിച്ച സൈനികരുടെ കുടുംബങ്ങൾക്കൊപ്പം രാജ്യം ഉറച്ചുനിൽക്കുന്നുവെന്ന് ശ്രീ സിംഗ് സമൂഹമാധ്യമത്തിൽ കുറിച്ചു. ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും, മേഖലയിൽ സമാധാനവും ക്രമവും പുനഃസ്ഥാപി ക്കാനും ഇന്ത്യൻ സൈനികർ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീരഹൃദയർക്ക് കരസേനാ

മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയും ആദരാഞ്ജലി അർപ്പിച്ചു. വീരമൃത്യു വരിച്ച കുടുംബങ്ങൾക്കൊപ്പം സൈന്യം ഉറച്ചുനിൽക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

## RAJNATH - ARMY CHIEF DODA + JITENDRA

ജമ്മു കശ്മീരിലെ ഡോഡയിൽ നടക്കുന്ന ഭീകര വിരുദ്ധ ഓപ്പറേഷനെ കുറിച്ച് രാജ്യ രക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുമായി സംസാരിച്ചു. നിലവിലെ സ്ഥിതിഗതികളും ഓപ്പറേഷനെ സംബന്ധിച്ചും അദ്ദേഹം കേന്ദ്രമന്ത്രിയെ ധരിപ്പിച്ചു. അതേസമയം ഭീകരവിരുദ്ധ ഓപ്പറേഷനിൽ സുരക്ഷാ ഉദ്യോഗസ്ഥർക്ക് പരിക്കേറ്റതിൽ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ദുഃഖം രേഖപ്പെടുത്തി. തന്റെ ലോക്സഭാ മണ്ഡലത്തിലെ സായുധ ഏറ്റുമുട്ടലുകളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ തന്നെ അസ്വസ്ഥനാക്കിയെന്ന് ശ്രീ സിംഗ് സമൂഹമാധ്യമത്തിൽ കുറിച്ചു. ശത്രുക്കളുടെ പദ്ധതികളെ പരാജയപ്പെടുത്താനും കാശ്മീർ താഴ്‌വരയിൽ സമാധാനവും സൗഹാർദവും നിലനിറുത്താനും ഒരുമിച്ച് ചേരണമെന്ന് അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു.

## HM-NCORD AMIT SHAH

ന്യൂഡൽഹിയിൽ മറ്റന്നാൾ നടക്കുന്ന നാർക്കോ - കോർഡിനേഷൻ സെന്ററിന്റെ ഏഴാമത് ഉന്നതതലയോഗത്തിന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. മയക്കുമരുന്ന് കടത്തും ദുരുപയോഗവും തടയുന്ന വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ ഏജൻസികളുടെ പ്രവർത്തന ങ്ങളെ ഏകോപിപ്പിക്കുന്നതിനും സമന്വയിപ്പിക്കുന്നതിനും യോഗം ഊന്നൽ നൽകുമെന്ന് ആഭ്യന്തര മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ദേശീയ ലഹരി പദാർത്ഥ വിരുദ്ധ കേന്ദ്രത്തിൻറെ ഹെൽപ്പ് ലൈൻ- മാനസിന് അദ്ദേഹം തുടക്കമിടും.

## GOVT - EXAMINATION OF WITNESS

പോലീസ് സ്റ്റേഷനുകളും പോലീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥലവും സാക്ഷികളെ വിസ്തരിക്കാനുള്ള സ്ഥലമായി നിശ്ചയിക്കരുതെന്ന് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കേന്ദ്ര നിർദേശം.

ഇത് സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര സെക്രട്ടറി അജയ് ഭല്ല എല്ലാ സംസ്ഥാന ചീഫ് സെക്രട്ടറിമാർക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും കത്തയച്ചു. ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, 2023 പ്രകാരം, ഓഡിയോ-വീഡിയോ ഇലക്ട്രോണിക് മാർഗങ്ങളിലൂടെ സാക്ഷികളെ വിസ്തരിക്കാൻ ഒരു സ്ഥലം കണ്ടെത്താൻ എല്ലാ പോലീസ് സ്റ്റേഷനുകളോടും ആവശ്യപ്പെട്ടിട്ടുണ്ട്. 1860ലെ ഇന്ത്യൻ ശിക്ഷാനിയമത്തിന് പകരമായി ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നീ മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ ഈ മാസം 1 മുതൽ നിലവിൽ വന്നിരുന്നു.

# ICAR-FOUNDATION DAY

ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ സ്ഥാപക ദിനാഘോഷത്തിന്റെ ഉദ്ഘാടനം കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ന്യൂഡൽഹിയിൽ നിർവഹിച്ചു. പുസ കാമ്പസിൽ സംഘടിപ്പിച്ച പ്രദർശനവും അദ്ദേഹം ഉദ്ഘാടനം ചെയ്തു. രണ്ട് ദിവസം നീളുന്ന പരിപാടിയുടെ ആദ്യ ദിനം കൃഷിയെക്കുറിച്ചും അനുബന്ധ സാങ്കേതികവിദ്യകളെക്കുറിച്ചും മനസിലാക്കുന്നതിന് സ്കൂൾ വിദ്യാർഥികൾക്ക് അവസരം ഒരുക്കും.

# EMERGENCY MEETING CM

തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോടിന്റെ റെയിൽവേ സ്റ്റേഷനടിയിൽ കൂടി പോകുന്ന ഭാഗത്തെ മാലിന്യം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ ചർച്ചചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ അടിയന്തര യോഗം വിളിച്ചു. മറ്റെന്നാൾ രാവിലെ ഓൺലൈനായാണ് യോഗം ചേരുക. തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത്, തൊഴിൽ, ഭക്ഷ്യം, കായികം-റെയിൽവേ, ആരോഗ്യം, ജലവിഭവം വകുപ്പ് മന്ത്രിമാരും ബന്ധപ്പെട്ട എംഎൽഎമാരും തിരുവനന്തപുരം മേയറും യോഗത്തിൽ പങ്കെടുക്കും.

# SHABARIMALA - MAKARAVILAKK

ഈ വർഷത്തെ ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന്

ദേവസ്വം മന്ത്രി വി.എൻ.വാസവൻ. ശബരിമല സന്ദർശനത്തിനായി പമ്പയിൽ എത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. കർക്കടക മാസപൂജയ്ക്കായി നട തുറന്നപ്പോൾ നിരവധി തീർഥാടകരാണ് ദർശനത്തിനായി എത്തിക്കൊണ്ടിരിക്കുന്നത്. ഇവർക്ക് സുഗമമായി എത്തി ദർശനം നടത്തി തിരികെ പോകാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയതായും അദ്ദേഹം വ്യക്തമാക്കി. മകരവിളക്കുമായി ബന്ധപ്പെട്ട് ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായുള്ള യോഗവും ഇന്ന് ചേർന്നു.

## KERALA RAIN

കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു. ഇന്ന് കാസർഗോഡ് മുതൽ എറണാകുളം വരെയുള്ള ഒൻപത് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രതാ നിർദ്ദേശം നൽകി. തിരുവനന്തപുരം, കൊല്ലം, ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശവുമുണ്ട്. ഇതുവരെ നാല് പേരാണ് സംസ്ഥാനത്ത് മഴക്കെടുതികളിൽ മരിച്ചത്. ജില്ലകളിൽ വ്യാപക മഴക്കെടുതികളാണ് റിപ്പോർട്ട് ചെയ്യുന്നത്. കണ്ണൂർ ജില്ലയിൽ മഴക്കെടുതികളിൽ രണ്ടുപേർ മരിച്ചു. മട്ടന്നൂരിൽ വെള്ളക്കെട്ടിൽ വീണ് ഒരു സ്ത്രീയും കണ്ണൂർ ചൊക്ലി ഒളവിലത്ത് വെള്ളക്കെട്ടിൽ വീണ് ഒരു പുരുഷനുമാണ് മരിച്ചത്. കേരള, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 19 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

## KOZHICODE RAIN INTRO

കോഴിക്കോട് ജില്ലയിൽ മഴ ശക്തമായി തുടരുന്നു. വിവിധയിടങ്ങളിൽ വ്യാപക നാശം റിപ്പോർട്ട് ചെയ്തു. പുഴകളിൽ ജലനിരപ്പ് ഉയർന്നിട്ടുണ്ട്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ല പ്രതിനിധി നസീർ ബാബു...

VOICE)

## GUJARAT RAIN

തെക്കൻ ഗുജറാത്തിൽ കഴിഞ്ഞ രണ്ടു ദിവസമായി കനത്ത മഴ തുടരുന്നു. എട്ടു ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രതയാണ്. കനത്ത മഴ സൂറത്ത്, ബറൂച്, നർമ്മദ ജില്ലകളിലെ ജനജീവിതത്തെ സാരമായി ബാധിച്ചു. മഹാരാഷ്ട്രയിലെ കൊങ്കൺ, മധ്യ മഹാരാഷ്ട്ര മേഖലകളിൽ അടുത്ത അഞ്ചു ദിവസം കനത്ത മഴ തുടരുമെന്ന് മുന്നറിയിപ്പുണ്ട്. മണ്ണിടിച്ചിലിനെത്തുടർന്ന് റായ്ഗഢിനും രത്നഗിരിക്കുമിടയിൽ ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു. മഴ മുന്നറിയിപ്പിനെ തുടർന്ന് അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാൻ വിവിധ ജില്ലകളിൽ ദേശീയ ദുരന്ത നിവാരണ സേനയെ വിന്യസിച്ചിട്ടുണ്ട്.

## NEET PAPER- HAZARIBAGH

നീറ്റ് പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട കേസിൽ ഇന്നലെ രാത്രി ഹസാരിബാഗിലെ ഗസ്റ്റ് ഹൗസിൽ നിന്ന് ഒരാളെ സിബിഐ അറസ്റ്റ് ചെയ്തു. ഇതോടെ ഹസാരിബാഗിൽ നിന്ന് അറസ്റ്റു ചെയ്യപ്പെട്ടവരുടെ എണ്ണം അഞ്ചായി. പിടിയിലായ ആളുടെ പക്കൽ നിന്ന് സുപ്രധാന രേഖകൾ സിബിഐ പിടിച്ചെടുത്തിട്ടുണ്ട്.

## BIHAR MURDER

ബിഹാറിൽ വികാസ് ശീൽ ഇൻസാൻ പാർട്ടി അധ്യക്ഷനും മുൻ മുഖ്യമന്ത്രിയുമായ മുകേഷ് സാഹ്നിയുടെ പിതാവ് ജിതെൻ സാഹ്നി കൊല്ലപ്പെട്ടു. ദാർബംഗ ജില്ലയിലെ വസതിയിൽ കഴിയുകയായിരുന്ന അദ്ദേഹത്തെ അജ്ഞാതൻ മൂർച്ചയുള്ള ആയുധം ഉപയോഗിച്ച് കൊലപ്പെടുത്തുകയായിരുന്നെന്ന് പോലീസ് അറിയിച്ചു. കൊലപാതകത്തിന്റെ കാരണം വ്യക്തമല്ലെന്നും അന്വേഷണം പുരോഗമിക്കുകയാണെന്നും ദാർബംഗ റൂറൽ എസ്പി പറഞ്ഞു. ജിതെൻ സാഹ്നിയുടെ മരണത്തിൽ ഉപമുഖ്യമന്ത്രി Samrat Choudhary അഗാധ ദുഖം രേഖപ്പെടുത്തി.